## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3894  15.12.2014-ൽ മറുപടിയ്ക്ക്**

**ജസ്റ്റിസ് ജെ. ശിവരാജൻ കമ്മീഷൻ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സോളാർ കേസ്സ് അന്വേഷിക്കുന്ന ജസ്റ്റിസ് ജെ. ശിവരാജൻ കമ്മീഷൻ മുൻപാകെ സർക്കാർ നൽകിയ സ്റ്റേറ്റ്മെന്റിന്റെ വിശദാംശം അറിയിക്കുമോ ; | (എ) ജസ്റ്റിസ് ജി. ശിവരാജൻ കമ്മീഷൻ മുമ്പാകെ സോളാർ തട്ടിപ്പ് കേസിൽ സർക്കാർ രണ്ട് സ്റ്റേറ്റ്മെന്റുകളാണ് നൽകിയിരിക്കുന്നത്. അതിൽ ആദ്യത്തേത് കക്ഷിചേർക്കണമെന്ന് ആവശ്യപ്പെട്ട് A മുതൽ F വരെയുള്ള പാർട്ടികൾ നൽകിയ ഹർജികളിൽ (Impleading Petitions) സർക്കാർഭാഗം അറിയിച്ചുകൊണ്ട് ഫയൽ ചെയ്തതാണ്. രണ്ടാമത്തേത് സോളാർ അന്വേഷണ വിഷയ ങ്ങളിൽ (Terms of Reference) ആദ്യത്തെ അന്വേഷണ വിഷയത്തിൽ A മുതൽ F വരെയുള്ള പാർട്ടികൾ നൽകിയ ആരോപണ സ്റ്റേറ്റ്മെന്റുകൾക്ക് (Statement of Allegations) മറുപടിയായി ഫയൽ ചെയ്ത 'സ്റ്റേറ്റ്മെന്റ് ഇൻ റെസ്പോൺസ് 'ആണ്. A മുതൽ F വരെയുള്ള പാർട്ടികൾ നൽകിയ 'Statement of Allegations' അപ്രകാരം തന്നെ സ്വീകരിച്ചാൽ ആയത് ശരിയായ നടപടിക്രമം അല്ലാത്തതിനാൽ A മുതൽ F വരെയുള്ള പാർട്ടികൾ നൽകിയ സ്റ്റേറ്റ്മെന്റ് ഓഫ് അലിഗേഷന്റെ സ്വീകാര്യതയെ ക്കുറിച്ചാണ് സർക്കാർ മറുപടി സ്റ്റേറ്റ്മെന്റ് നൽകിയത് . |
| (ബി) സർക്കാരിന് സാമ്പത്തിക നഷ്ടമോ സർക്കാർ സംവിധാനങ്ങളുടെ ദുർവിനിയോഗമോ ഈ കേസ്സുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുണ്ടെന്ന് നിരീക്ഷിച്ചിട്ടുണ്ടോ ; | (ബി) ഇല്ല. |
| (സി) എങ്കിൽ പ്രസ്തുത നിരീക്ഷണത്തിലെത്തിയ തിന് സഹായകമായ വിവരങ്ങൾ വെളിപ്പെടുത്തുമോ? | (സി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ